# കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

## ഡിസംബർ

## 2019



## പ്രൈസസ് വിഭാഗം
## സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്
## തിരുവനന്തപുരം

## 2019

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

**സന്ദേശം**

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ ഇതര സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് **'കേരള പൊതുവിപണി വില അവലോകനം'** എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേറർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം — വി. രാമചന്ദ്രൻ

22-01-2020 — ഡയറക്ടർ

# ആമുഖം

നിലവിൽ പൊതു വിപണി ഏതാണ്ട് സ്ഥിരത കൈവരിക്കുന്നതിനുള്ള ലക്ഷണം കാണിക്കുന്നുണ്ടെങ്കിലും വർദ്ധിച്ചു വരുന്ന ക്രൂഡ് ഓയിൽ വില വിപണിയിൽ വലിയൊരു ഭീഷണി ആയി മാറാൻ പോവുകയാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെയാണ് ക്രൂഡ് ഓയിൽ വില വർദ്ധനവ് ഏറ്റവും കൂടുതൽ ബാധിക്കാൻ സാധ്യത ഉള്ളത്. കേരളത്തിലേക്ക് വരുന്ന ഭക്ഷ്യ വസ്തുക്കളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവ ആയതിനാൽ ചരക്ക് കൂലിയിൽ വരുന്ന ചെറിയ വ്യത്യാസം പോലും സാധനങ്ങളുടെ വിലക്കയറ്റത്തിലേക്ക് നയിക്കാൻ പര്യാപ്തമാണ്. നിലവിൽ പശ്ചിമേഷ്യയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ എണ്ണവിലയിൽ വീണ്ടും വർദ്ധനവുമുള്ള സാഹചര്യമാണ് സൃഷ്ടിക്കുന്നത്.

ഉയർന്ന താങ്ങുവിലയും, വർദ്ധിച്ച ഉല്പ്പാദനവും നെല്ലിന്റെ റെക്കോർഡ് സംഭരണത്തിലേക്കു വഴി വച്ചുവെങ്കിലും എഫ് സി ഐ യെ സംബന്ധിച്ചിടത്തോളം സംഭരിച്ച അരി സ്ഥലപരിമിതിമൂലം സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുകയാണെന്നാണ് റിപ്പോർട്ട്. എഫ് സി ഐ യുടെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം അരി 212.79 ലക്ഷം മെട്രിക് ടൺ, അൺമിൽഡ് പാഡി 259.11 ലക്ഷം മെട്രിക് ടൺ എന്നിങ്ങനെയാണ് ഡിസംബറിലെ സ്റ്റോക്ക് നിലവാരം.

01-01-2020 റിപ്പോർട്ട് പ്രകാരം എഫ് സി ഐയും സംസ്ഥാന ഏജൻസികളും ചേർന്ന് 388.10 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഇതിൽ 162.28 ലക്ഷം മെട്രിക് ടൺ പഞ്ചാബിൽ നിന്നും ,64.23 ലക്ഷം മെട്രിക് ടൺ ഹരിയാനയിൽ നിന്നും 40.83 ലക്ഷം മെട്രിക് ടൺ ഉത്തർപ്രദേശിൽ നിന്നും, 38.03 ലക്ഷം മെട്രിക് ടൺ തെലുങ്കാനയിൽ നിന്നുമാണ് സംഭരിച്ചിട്ടുള്ളത്. കേരളത്തിൽ നിന്നും ഇതുവരെയായി 1.65 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. അതെ സമയം റാബി സീസണിലെ കൃഷി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ഇന്ത്യയുടെ അരി കയറ്റുമതിയിൽ ഏതാനും മാസങ്ങളായി കുറവുണ്ടായിക്കൊണ്ടിരിക്കുകയാണ് കേന്ദ്ര വ്യവസായ - വാണിജ്യ മന്ത്രാലയത്തിന്റെ നവംബറിലെ കണക്ക് പ്രകാരം 2017 -18 നെ അപേക്ഷിച്ചു 2018-19 ൽ 0 .17 ശതമാനത്തിന്റെ കുറവ് അരി കയറ്റുമതിയിൽ കാണിക്കുന്നു

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം റാബി സീസണിലെ നെൽകൃഷിയുടെ കാർഷിക വിസ്തൃതിയിൽ കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ 2.17 ശതമാനത്തിന്റെയും പയർ വർഗ്ഗങ്ങളുടെ മൊത്തം കാർഷിക വിസ്തൃതിയിൽ 4.02 ശതമാനത്തിന്റെയും വർദ്ധനവ് കാണിക്കുന്നു. നിലവിൽ കൃഷിക്ക് അനുകൂലമായ കാലാവസ്ഥയാണ് ഇന്ത്യയിൽ മൊത്തം റിപ്പോർട്ട് ചെയ്യുന്നത് ആയതിനാൽ റാബി സീസണിലെ കാർഷിക വിസ്തൃതിയിൽ വർദ്ധനവിനുള്ള സാധ്യതയുണ്ട്.

കേന്ദ്ര ജല കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ 120 റിസർവോയറുകളിൽ കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ 152 ശതമാനം ജല ലഭ്യത റിപ്പോർട്ട് ചെയ്യുന്നു. ഇതും കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം വളരെ അനുകൂലമായ ഘടകമാണ്

പൊതുവെ ഡിസംബറിൽ പൊതുവിപണി ഒരു സ്ഥിരത കൈവരിക്കുന്നതിനുള്ള ഗതിയിലേക്ക് പോകുന്നതായാണ് ശ്രദ്ധയിൽപെട്ടത്.സവാളയുടെ വിലയിൽ ഡിസംബർ മാസം പകുതിയോടുകൂടി വിലക്കുറവ് ദൃശ്യമാണ്.എന്നാൽ കേരളത്തിൽ ഏറ്റവും കൂടുതൽ വിപണനം നടക്കുന്ന മഹാരാഷ്ട്രയിൽ നിന്നുള്ള വെള്ള സവാള ഇന്നും മാർക്കറ്റിൽ വിരളമാണ്. കർണാടകയിൽ നിന്നും ധാരാളമായി സവാള ലഭ്യമായതാണ് വിലക്കുറവിലേക്ക് നയിച്ചത്. ഇത്തവണ റാബി സീസണിൽ ഉത്പാദനം വർദ്ധിക്കാൻ സാധ്യത ഉണ്ട്. നിലവിലുള്ള സാഹചര്യത്തിൽ മാർച്ചിൽ റാബി സീസണിലെ വിളകൾ മാർക്കറ്റിൽ എത്തുന്നതോടെ വൻ വിലക്കുറവ് ഉണ്ടാവുന്നതിനുള്ള സാധ്യത ഉണ്ട്. റാബി സീസണിലെ സവാള എത്രത്തോളം സംഭരിച്ചു വയ്ക്കാൻ സാധിക്കുന്നു എന്നത് പിന്നീടുള്ള വിലയെ സ്വാധീനിക്കുന്നതാണ്. പയർ വർഗ്ഗങ്ങളിൽ കാര്യമായ വിലക്കുറവിനുള്ള സാധ്യത നിലവിലില്ല.


## I. ധാന്യങ്ങൾ

അവലോകന മാസമായ ഡിസംബറിൽ അരിയുടെ വില ഏതാണ്ട് സ്ഥിരമായി നിലകൊണ്ടു.വരും മാസങ്ങളിലും വർദ്ധനവിനുള്ള സാഹചര്യങ്ങൾ നില നിൽക്കുന്നില്ല. എന്നാൽ ക്രൂഡ് ഓയിൽ വിലയിൽ ദിനം പ്രതി സംഭവിച്ചുകൊണ്ടിരിക്കുന്ന വർദ്ധനവ് ചരക്കു കൂലി വർദ്ധനവിലേക്കു നയിക്കുകയാണെങ്കിൽ അത് വിലക്കയറ്റത്തിലേക്ക് നയിച്ചേക്കാം. പ്രത്യേകിച്ച് കേരളത്തിൽ എത്തിച്ചേരുന്ന അരിയുടെ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവ ആയതിനാൽ .

സപ്ലൈകോയുടെ നെല്ല് സംഭരണം നല്ല രീതിയിൽ പുരോഗമിക്കുകയാണ് 1.65 ലക്ഷം മെട്രിക് ടൺ നെല്ല് ഇതുവരെയായി സംഭരിച്ചിട്ടുണ്ട്. നിലവിൽ പൊതു വിപണിയിൽ അരിയുടെ സ്റ്റോക്കും ലഭ്യതയും തൃപ്തികരമായ രീതിയിൽ ഉണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട്. 2019-20 ഖരീഫ് സീസണിലെ നെല്ലിന്റെ വിളവെടുപ്പ് ഉത്തരേന്ത്യയിൽ ഏതാണ്ട് പൂർത്തിയായിട്ടുണ്ട് ദക്ഷിണേന്ത്യയിൽ വിളവെടുപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. നിലവിൽ നല്ല രീതിയിലുള്ള വിളവെടുപ്പാണ് നടന്നുകൊണ്ടിരിക്കുന്നതെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

അമേരിക്കൻ കാർഷിക മന്ത്രാലയത്തിന്റെ ഡിസംബറിലെ കണക്ക് പ്രകാരം ഇന്ത്യയിലെ 2019 -20 ലെ അരി ഉത്പാദനം 115 മില്യൺ മെട്രിക്ക് ടൺ ആയിരിക്കുമെന്നാണ് പറയുന്നത്.ഇത് കഴിഞ്ഞ വർഷത്തേക്കാൾ 1.4 മില്യൺ മെട്രിക്ക് ടൺ കുറവാണ്.

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2018 | നവംബർ 2019 | ഡിസംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 37.48 | 40.48 | 40.66 | 0.44 | 8.48 |
| 2 | ചമ്പ | കിലോഗ്രാം | 41.00 | 40.00 | 39.63 | -0.92 | -3.34 |
| 3 | റോസ് | കിലോഗ്രാം | 38.00 | 41.56 | 41.88 | 0.77 | 10.21 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.18 | 37.60 | 37.63 | 0.08 | 4.01 |
| 5 | ജയ | കിലോഗ്രാം | 35.67 | 37.98 | 37.92 | -0.16 | 6.31 |
| 6 | ഗോതമ്പ് | കിലോഗ്രാം | 34.65 | 35.58 | 35.98 | 1.12 | 3.84 |




## II. പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളിൽ കഴിഞ്ഞ മാസം കാര്യമായ വില വർദ്ധനവ് ഉണ്ടായ ഉഴുന്നിന്റെ വിലയിൽ അവലോകനമാസമായ ഡിസംബറിൽ, മാസാവസാനം നേരിയൊരു കുറവ് ദൃശ്യമായിരുന്നു. എന്നാൽ ചെറുപയറിന്റെ വിലയിൽ വർദ്ധനവ് ദൃശ്യമായി. ബാക്കി ഇനങ്ങളിൽ ഏതാണ്ട് സ്ഥിരത നിലനിർത്തി . ജനുവരിയിലും പയർ വർഗ്ഗങ്ങളുടെ വിലയിൽ വിലക്കുറവിനുള്ള സാധ്യത കാണുന്നില്ല. ഉഴുന്നിന്റെ ഇറക്കുമതി ക്വാട്ട 1.5 ലക്ഷം ടണ്ണിൽ നിന്നും നാല് ലക്ഷം ടണ്ണായി ഉയർത്തിയിട്ടുണ്ട്.ജനുവരി,ഫെബ്രുവരിയോടെ ഇത് മാർക്കറ്റിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നു

2019-20 ഖരീഫ് സീസണിൽ നാഫെഡിന്റെ പയർ വർഗ്ഗങ്ങളുടെ സംഭരണത്തിൽ ഇതുവരെയായി 126000 മെട്രിക് ടൺ ചെറുപയർ സംഭരിച്ചിട്ടുണ്ട്. നാഫെഡിന്റെ പക്കൽ നിലവിലുള്ള നീക്കിയിരുപ്പ് ചെറുപയർ- 231472.70 ടൺ, ഉഴുന്ന് -198431.88 ടൺ, തുവര -3054.72 ടൺ, കടല- 16,40,040.35 ടൺ എന്നിങ്ങനെയാണ്. റാബി സീസണിൽ കൃഷിക്ക് അനുകൂലമായ കാലാവസ്ഥയാണ് ഏതാണ്ട് ഇന്ത്യ ഒട്ടുക്കും നിലവിലുള്ളത്.ഇത് പയർ വർഗ്ഗങ്ങളുടെ കാർഷിക വിസ്തൃതിയിൽ വരും മാസങ്ങളിൽ വർദ്ധനവ് ഉണ്ടാക്കാൻ സാധ്യത ഉണ്ട്.


| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2018 | നവംബർ 2019 | ഡിസംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 86.88 | 96.66 | 98.98 | 2.40 | 13.93 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 90.02 | 99.93 | 103.63 | 3.70 | 15.12 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 89.30 | 122.96 | 128.58 | 4.57 | 43.99 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 88.67 | 115.67 | 122.55 | 5.95 | 38.21 |
| 5 | വൻപയർ | കിലോഗ്രാം | 69.24 | 83.99 | 82.39 | -1.90 | 18.99 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 84.88 | 98.63 | 98.96 | 0.33 | 16.59 |
| 7 | കടല(വലുത്) | കിലോഗ്രാം | 77.33 | 78.50 | 77.86 | -0.82 | 0.69 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 71.75 | 74.68 | 73.00 | -2.25 | 1.74 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 64.44 | 69.85 | 70.38 | 0.76 | 9.22 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 71.79 | 73.42 | 72.71 | -0.97 | 1.28 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

ഇറച്ചിക്കോഴിയുടെ വിലയിൽ അവലോകന മാസത്തിൽ വിലക്കുറവ് ദൃശ്യമായി കൃസ്തുമസിനോട് അനുബന്ധിച്ചു നേരിയൊരു വിലക്കയറ്റം ദൃശ്യമായിരുന്നു ജനുവരി ആദ്യ ആഴ്ചകളിലും ഈ വിലക്കയറ്റം തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന. കോഴിമുട്ടയുടെ വിലയിൽ നവംബർ ഡിസംബർ മാസങ്ങളിൽ സാധാരണയായി കണ്ട് വരുന്ന വർദ്ധനവ് ഇത്തവണയും ഉണ്ടായി കോഴിമുട്ടയുടെ ഉപഭോഗം വർദ്ധിച്ചതാണ് വിലക്കയറ്റത്തിന് കാരണമെന്നാണ് വിപണിയിൽ നിന്നുള്ള സൂചന. ജനുവരി ആദ്യ ആഴ്ചയോടെ കോഴിമുട്ടയുടെ വിലയിൽ കുറവുണ്ടാവാൻ ഇടയുണ്ടെന്നാണ് നിലവിലുള്ള സൂചന. പഞ്ചസാരയുടെ വില ഏതാണ്ട് സ്ഥിരമായി നിലകൊണ്ടു. ജനുവരിയിലും ഇതേ നില തുടരാനാണ് സാധ്യത. തേയിലയുടെ വിലയിൽ കാര്യമായ ഏറ്റക്കുറച്ചിലുകൾ ഉണ്ടായില്ല.

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2018 | നവംബർ 2019 | ഡിസംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 36.92 | 38.61 | 38.52 | -0.23 | 4.33 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 152.51 | 158.55 | 165.13 | 4.15 | 8.27 |
| 3 | ശർക്കര | കിലോഗ്രാം | 53.83 | 58.30 | 58.68 | 0.65 | 9.01 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 57.94 | 57.48 | 60.57 | 5.38 | 4.54 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 553.10 | 585.00 | 589.20 | 0.72 | 6.53 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 107.38 | 113.45 | 105.33 | -7.16 | -1.91 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 145.79 | 148.40 | 148.29 | -0.07 | 1.71 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.62 | 164.00 | 164.00 | 0.00 | 1.47 |




## IV. എണ്ണയും എണ്ണക്കുരുക്കളും

ശബരിമല സീസൺ ആരംഭിക്കുന്നതോടെ കേരളത്തിൽ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ വർദ്ധനവ് ഉണ്ടാവാറുണ്ടെങ്കിലും ഇത്തവണ നേരിയൊരു വർദ്ധനവ് മാത്രമാണ് വിപണിയിൽ ദൃശ്യമായത്. മറ്റ് എണ്ണ ഇനങ്ങളുടെ വില ഏതാണ്ട് സ്ഥിരമായി നിലകൊണ്ടു

അന്താരാഷ്ട്ര വിപണിയിലെ നവംബർ മാസത്തെ വില നിലവാരം പരിശോധിക്കുമ്പോൾ പ്രധാന ഉത്പാദക രാജ്യങ്ങളായ ഫിലിപ്പീൻസ് ,ഇന്തോനേഷ്യ ,ശ്രീലങ്ക എന്നിവിടങ്ങളിലൊക്കെ തേങ്ങാ, കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വിലയിൽ വർദ്ധനവ് ദൃശ്യമാണെങ്കിലും ഇന്ത്യയിൽ പൊതുവെ വിലയിൽ ഒരു മാന്ദ്യം ദൃശ്യമായിരുന്നു .

നാഫെഡിന്റെ 2019-20 സീസണിലെ സംഭരണത്തിൽ ഇതുവരെയായി 313.66 മെട്രിക് ടൺ മില്ലിങ് കൊപ്രയും 0.175 ടൺ ബോൾ കൊപ്രയും സംഭരിച്ചിട്ടുണ്ട്.

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2018 | നവംബർ 2019 | ഡിസംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 183.00 | 185.31 | 185.82 | 0.28 | 1.54 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 155.75 | 154.00 | 157.75 | 2.44 | 1.28 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 97.03 | 100.15 | 101.58 | 1.43 | 4.69 |
| 4 | നല്ലെണ്ണ | ലിററർ | 209.40 | 208.00 | 205.75 | -1.08 | -1.74 |
| 5 | കടുക് എണ്ണ | ലിററർ | 139.73 | 132.50 | 132.50 | 0.00 | -5.17 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 97.52 | 98.99 | 98.93 | -0.06 | 1.45 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 98.23 | 99.77 | 101.61 | 1.84 | 3.44 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 193.58 | 183.67 | 188.57 | 2.67 | -2.59 |




## V.സുഗന്ധ വ്യഞ്ജനങ്ങൾ

അവലോകനമാസമായ ഡിസംബറിൽ സുഗന്ധ വ്യഞ്ജനങ്ങളിൽ പ്രധാനപ്പെട്ട ഇനങ്ങളുടെയെല്ലാം വിലയിൽ വർദ്ധനവ് ദൃശ്യമായിരുന്നു .ഏറ്റവും കൂടുതൽ വർദ്ധനവ് ഉള്ളിയുടെ വിലയിലാണുണ്ടായത്.എന്നാൽ ഡിസംബർ അവസാനത്തോടെ ഇത് കുറയാൻ ആരംഭിച്ചിട്ടുണ്ട്. ജനുവരിയിലും ഈ കുറവ് തുടരുമെന്നാണ് നിലവിലുള്ള സൂചന. വെളുത്തുള്ളിയുടെ വിലയിൽ ഒരു വർഷത്തോളമായുള്ള വർദ്ധനവ് നിലവിൽ ഒരു വിലസ്ഥിരതയുടെ പ്രവണത കാണിച്ചു.

മുളകിന്റെ വിലയിൽ കർണ്ണാടകയിൽ ഉണ്ടായ വിളനാശം പ്രതിഫലിച്ചിട്ടുണ്ട്. ആന്ധ്രാപ്രദേശിൽ നിന്നും തെലുങ്കാനയിൽ നിന്നുമുള്ള മുളകിന്റെ മാർക്കറ്റിലേക്കുള്ള വരവിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു ഏതാണ്ട് 46 ശതമാനത്തോളം കുറവുണ്ടായതായാണ് റിപ്പോർട്ട്. ആന്ധ്രാപ്രദേശിൽ നിന്നും തെലുങ്കാനയിൽ നിന്നുമുള്ള കൂടുതൽ സ്റ്റോക്ക് മാർക്കറ്റിൽ വരുന്നതോടെ ജനുവരി അവസാനത്തോടെ മുളകിന്റെ വിലയിൽ കുറവുണ്ടാവുമെന്നാണ് നിലവിൽ വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

ഉത്തരേന്ത്യയിൽ ശൈത്യകാലം ആരംഭിച്ചതോടെ കുരുമുളകിന്റെ ഡിമാന്റ് വർദ്ധിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട്. ഇത് നേരിയൊരു വിലക്കയറ്റം കുരുമുളകിന്റെ വിലയിൽ ഉണ്ടാക്കിയിട്ടുണ്ട് . .

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2018 | നവംബർ 2019 | ഡിസംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 90.64 | 98.67 | 100.70 | 2.06 | 11.10 |
| 2 | മുളക് | കിലോഗ്രാം | 127.95 | 180.60 | 190.04 | 5.23 | 48.53 |
| 3 | ഉള്ളി | കിലോഗ്രാം | 45.00 | 93.09 | 158.57 | 70.34 | 252.38 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 165.48 | 146.69 | 148.30 | 1.10 | -10.38 |
| 5 | ജീരകം | 100 ഗ്രാം | 29.62 | 29.80 | 29.86 | 0.20 | 0.81 |
| 6 | കടുക് | 100 ഗ്രാം | 9.21 | 9.57 | 9.50 | -0.73 | 3.15 |
| 7 | ഉലുവ | 100 ഗ്രാം | 9.52 | 10.01 | 9.93 | -0.80 | 4.31 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.45 | 18.74 | 18.79 | 0.27 | 1.84 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 6.21 | 21.87 | 21.05 | -3.75 | 238.97 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 452.77 | 398.92 | 405.10 | 1.55 | -10.53 |




## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകനമാസമായ ഡിസംബറിൽ കിഴങ്ങു വർഗ്ഗങ്ങളുടെ വിലയിൽ ഏതാണ്ട് സമ്മിശ്രമായ ഒരു പ്രവണതയാണ് ദൃശ്യമായത്. ബീറ്റ്റൂട്ട്,കാരറ്റ്, ഉരുളക്കിഴങ്ങ് എന്നിവയുടെ വിലയിൽ വർദ്ധനവ് ദൃശ്യമായപ്പോൾ ചേന ചേമ്പ് എന്നിവയുടെ വിലയിൽ കുറവ് ദൃശ്യമായി.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ബീറ്റ്റൂട്ട്, കാരറ്റ്, ഉരുളക്കിഴങ്ങ് എന്നിവയുടെ വിലയിൽ യഥാക്രമം 44.88, 41.40, 28.79 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ ചേമ്പ്, ചേന എന്നിവയുടെ വിലയിൽ യഥാക്രമം 7.47 , 4.68 ശതമാനം കുറവ് രേഖപ്പെടുത്തി

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2018 | നവംബർ 2019 | ഡിസംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 33.14 | 33.47 | 31.59 | -5.62 | -4.68 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 27.13 | 27.03 | 27.17 | 0.52 | 0.15 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 29.98 | 34.97 | 38.61 | 10.41 | 28.79 |
| 4 | ചേമ്പ് | കിലോഗ്രാം | 55.71 | 53.37 | 51.55 | -3.41 | -7.47 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 36.21 | 44.56 | 52.46 | 17.73 | 44.88 |
| 6 | കാരററ് | കിലോഗ്രാം | 45.36 | 60.11 | 64.14 | 6.70 | 41.40 |




## VII. പച്ചക്കറി ഇനങ്ങൾ

അവലോകനമാസമായ ഡിസംബറിൽ പച്ചക്കറി ഇനങ്ങളിൽ സവാള,ബീൻസ് ,കാബേജ് ഒഴികെയുള്ള ഇനങ്ങളിൽ പൊതുവെ വിലക്കുറവ് അനുഭവപ്പെട്ടു.സവാളയുടെ വിലയിൽ കഴിഞ്ഞ മാസങ്ങളിൽ ഉണ്ടായ രൂക്ഷമായ വിലക്കയറ്റത്തിന് ശേഷം മാസം മധ്യത്തോടെ വില കുറയാൻ ആരംഭിച്ചിട്ടുണ്ട്.പ്രധാനമായും കർണ്ണാടകയിൽ നിന്നുള്ള സവാളയുടെ വരവാണ് വില കുറയാൻ പ്രധാനമായും കാരണമായത്.എന്നാൽ മഹാരാഷ്ട്രയിൽ നിന്നുള്ള ഗുണനിലവാരം കൂടിയ സവാളയുടെ ലഭ്യത മാർക്കറ്റിൽ വളരെ കുറവാണ്.റാബി സീസണിലെ സവാള മാർക്കറ്റിൽ എത്തുന്നതോടെ സവാളയുടെ വില കാര്യമായും കുറയാൻ സാധ്യതയുണ്ട് .

2020 റാബി സീസണിൽ 1 ലക്ഷം ടൺ സവാള കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്നതിനു തീരുമാനമെടുത്തിട്ടുണ്ടെന്നാണ് റിപ്പോർട്ട്. റാബി സീസണിലെ സവാളയുടെ സംഭരണം കാര്യക്ഷമമാക്കുകയാണെങ്കിൽ പിന്നീട് വില പിടിച്ചു നിർത്തുന്നതിനു സഹായിക്കുന്നതാണ്.


| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2018 | നവംബർ 2019 | ഡിസംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 18.81 | 74.97 | 128.48 | 71.38 | 583.04 |
| 2 | വഴുതന | കിലോഗ്രാം | 33.43 | 45.23 | 42.09 | -6.94 | 25.90 |
| 3 | മത്തങ്ങ | കിലോഗ്രാം | 18.48 | 25.87 | 25.82 | -0.19 | 39.72 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 20.29 | 26.61 | 25.05 | -5.86 | 23.46 |
| 5 | വെണ്ടക്ക | കിലോഗ്രാം | 32.93 | 39.34 | 41.41 | 5.26 | 25.75 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 44.90 | 43.20 | 53.02 | 22.73 | 18.08 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 42.10 | 53.46 | 54.88 | 2.66 | 30.36 |
| 8 | കാബേജ് | കിലോഗ്രാം | 25.19 | 33.77 | 37.39 | 10.72 | 48.43 |
| 9 | പാവയ്ക്ക | കിലോഗ്രാം | 42.50 | 55.23 | 51.18 | -7.33 | 20.42 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 21.07 | 29.20 | 27.55 | -5.65 | 30.75 |
| 11 | പടവലങ്ങ | കിലോഗ്രാം | 29.81 | 39.27 | 36.75 | -6.42 | 23.28 |
| 12 | തക്കാളി | കിലോഗ്രാം | 25.33 | 31.23 | 29.64 | -5.09 | 17.02 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.75 | 5.35 | 5.46 | 2.06 | 14.95 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 43.40 | 41.87 | 39.61 | -5.40 | -8.73 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 31.24 | 35.83 | 35.57 | -0.73 | 13.86 |



## VIII. പഴവർഗ്ഗങ്ങൾ

അവലോകന മാസമായ ഡിസംബറിൽ പഴവർഗ്ഗങ്ങളിൽ പൊതുവെ ഒരു വിലക്കുറവിന്റെ പ്രവണതയായിരുന്നു ദൃശ്യമായത് എന്നാൽ തണ്ണിമത്തൻ, മാങ്ങ, ആപ്പിൾ എന്നിവയുടെ വിലയിൽ നേരിയൊരു വിലക്കയറ്റം ദൃശ്യമായിരുന്നു.ഓറഞ്ചിന്റെ സീസൺ ആണെങ്കിലും കാര്യമായ വിലക്കുറവ് വിപണിയിൽ ദൃശ്യമായില്ല. ഏത്തപ്പഴത്തിന്റെയും, വാഴപ്പഴങ്ങളുടെയും വിലയിൽ പൊതുവെ വിലക്കുറവ് ദൃശ്യമായിരുന്നു. മാതളത്തിന്റെ വിലയിൽ ഏതാണ്ട് 15 ശതമാനത്തിന്റെ കുറവ് ദൃശ്യമായപ്പോൾ, തണ്ണിമത്തന്റെ വിലയിൽ ഏതാണ്ട് 17 ശതമാനം വില വർദ്ധനവുണ്ടായി. ജനുവരിയിലും കാര്യമായ വ്യത്യാസം പഴ വർഗ്ഗങ്ങളുടെ വിലയിൽ ഉണ്ടാവാൻ ഇടയില്ല .


| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2018 | നവംബർ 2019 | ഡിസംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 58.41 | 65.45 | 67.50 | 3.13 | 15.56 |
| 2 | മുസമ്പി | കിലോഗ്രാം | 62.79 | 90.27 | 81.76 | -9.43 | 30.21 |
| 3 | മാതളം | കിലോഗ്രാം | 90.94 | 120.58 | 102.08 | -15.34 | 12.25 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 110.42 | 106.00 | 117.78 | 11.11 | 6.67 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 51.91 | 50.22 | 47.93 | -4.56 | -7.67 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 30.55 | 31.30 | 30.52 | -2.49 | -0.10 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 47.89 | 47.41 | 45.68 | -3.65 | -4.61 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 47.44 | 52.17 | 49.13 | -5.83 | 3.56 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 27.63 | 30.63 | 30.70 | 0.23 | 11.11 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 107.78 | 103.33 | 113.33 | 9.68 | 5.15 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 20.89 | 25.64 | 29.89 | 16.58 | 43.08 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 79.09 | 85.69 | 78.51 | -8.38 | -0.73 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 67.05 | 78.09 | 65.00 | -16.76 | -3.06 |



## IX. ഭക്ഷ്യേതര വസ്തുക്കൾ

ഇന്ത്യയിൽ സാമ്പത്തിക മേഖലയിൽ കുറെ കാലമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന മാന്ദ്യത്തിൽ നിന്നും നിർമ്മാണ മേഖലയ്ക്ക് ഇതുവരെയും മോചനം നേടാൻ സാധിച്ചിട്ടില്ലെന്നാണ് പൊതുവിൽ വിപണിയിൽ നിന്നുള്ള വിലയിരുത്തൽ. സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ കാര്യമായ മാറ്റമില്ലാതെ നിലകൊണ്ടു.സിമന്റിന്റെ വില 400 രൂപയിൽ താഴെയായി നിലകൊണ്ടു .ജനുവരിയിലും ഈ നിലയിൽ കാര്യമായ മാറ്റം ഉണ്ടാവാൻ സാധ്യത ഇല്ലെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2018 | നവംബർ 2019 | ഡിസംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **20.00** | **20.06** | **20.00** | **-0.30** | **0.00** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **28.76** | **25.24** | **24.61** | **-2.50** | **-14.43** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **486.67** | **495.00** | **495.00** | **0.00** | **1.71** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **391.19** | **396.29** | **387.88** | **-2.12** | **-0.85** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **386.19** | **390.57** | **382.57** | **-2.05** | **-0.94** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **54.95** | **47.74** | **47.22** | **-1.09** | **-14.07** |



# അനുബന്ധം

## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2018 | നവംബർ 2019 | ഡിസംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 37.48 | 40.48 | 40.66 | 0.44 | 8.48 |
| 2 | ചമ്പ | കിലോഗ്രാം | 41.00 | 40.00 | 39.63 | -0.92 | -3.34 |
| 3 | റോസ് | കിലോഗ്രാം | 38.00 | 41.56 | 41.88 | 0.77 | 10.21 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.18 | 37.60 | 37.63 | 0.08 | 4.01 |
| 5 | ജയ | കിലോഗ്രാം | 35.67 | 37.98 | 37.92 | -0.16 | 6.31 |
| 6 | ഗോതമ്പ് | കിലോഗ്രാം | 34.65 | 35.58 | 35.98 | 1.12 | 3.84 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 86.88 | 96.66 | 98.98 | 2.40 | 13.93 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 90.02 | 99.93 | 103.63 | 3.70 | 15.12 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 89.30 | 122.96 | 128.58 | 4.57 | 43.99 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 88.67 | 115.67 | 122.55 | 5.95 | 38.21 |
| 5 | വൻപയർ | കിലോഗ്രാം | 69.24 | 83.99 | 82.39 | -1.90 | 18.99 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 84.88 | 98.63 | 98.96 | 0.33 | 16.59 |
| 7 | കടല(വലുത്) | കിലോഗ്രാം | 77.33 | 78.50 | 77.86 | -0.82 | 0.69 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 71.75 | 74.68 | 73.00 | -2.25 | 1.74 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 64.44 | 69.85 | 70.38 | 0.76 | 9.22 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 71.79 | 73.42 | 72.71 | -0.97 | 1.28 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 36.92 | 38.61 | 38.52 | -0.23 | 4.33 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 152.51 | 158.55 | 165.13 | 4.15 | 8.27 |
| 3 | ശർക്കര | കിലോഗ്രാം | 53.83 | 58.30 | 58.68 | 0.65 | 9.01 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 57.94 | 57.48 | 60.57 | 5.38 | 4.54 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 553.10 | 585.00 | 589.20 | 0.72 | 6.53 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 107.38 | 113.45 | 105.33 | -7.16 | -1.91 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 145.79 | 148.40 | 148.29 | -0.07 | 1.71 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.62 | 164.00 | 164.00 | 0.00 | 1.47 |
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 183.00 | 185.31 | 185.82 | 0.28 | 1.54 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 155.75 | 154.00 | 157.75 | 2.44 | 1.28 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 97.03 | 100.15 | 101.58 | 1.43 | 4.69 |
| 4 | നല്ലെണ്ണ | ലിററർ | 209.40 | 208.00 | 205.75 | -1.08 | -1.74 |
| 5 | കടുക് എണ്ണ | ലിററർ | 139.73 | 132.50 | 132.50 | 0.00 | -5.17 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 97.52 | 98.99 | 98.93 | -0.06 | 1.45 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 98.23 | 99.77 | 101.61 | 1.84 | 3.44 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 193.58 | 183.67 | 188.57 | 2.67 | -2.59 |

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2018 | നവംബർ 2019 | ഡിസംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | **90.64** | **98.67** | **100.70** | **2.06** | **11.10** |
| 2 | മുളക് | കിലോഗ്രാം | **127.95** | **180.60** | **190.04** | **5.23** | **48.53** |
| 3 | ഉള്ളി | കിലോഗ്രാം | **45.00** | **93.09** | **158.57** | **70.34** | **252.38** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **165.48** | **146.69** | **148.30** | **1.10** | **-10.38** |
| 5 | ജീരകം | 100 ഗ്രാം | **29.62** | **29.80** | **29.86** | **0.20** | **0.81** |
| 6 | കടുക് | 100 ഗ്രാം | **9.21** | **9.57** | **9.50** | **-0.73** | **3.15** |
| 7 | ഉലുവ | 100 ഗ്രാം | **9.52** | **10.01** | **9.93** | **-0.80** | **4.31** |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | **18.45** | **18.74** | **18.79** | **0.27** | **1.84** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **6.21** | **21.87** | **21.05** | **-3.75** | **238.97** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **452.77** | **398.92** | **405.10** | **1.55** | **-10.53** |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **33.14** | **33.47** | **31.59** | **-5.62** | **-4.68** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **27.13** | **27.03** | **27.17** | **0.52** | **0.15** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **29.98** | **34.97** | **38.61** | **10.41** | **28.79** |
| 4 | ചേമ്പ് | കിലോഗ്രാം | **55.71** | **53.37** | **51.55** | **-3.41** | **-7.47** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **36.21** | **44.56** | **52.46** | **17.73** | **44.88** |
| 6 | കാരററ് | കിലോഗ്രാം | **45.36** | **60.11** | **64.14** | **6.70** | **41.40** |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **18.81** | **74.97** | **128.48** | **71.38** | **583.04** |
| 2 | വഴുതന | കിലോഗ്രാം | **33.43** | **45.23** | **42.09** | **-6.94** | **25.90** |
| 3 | മത്തങ്ങ | കിലോഗ്രാം | **18.48** | **25.87** | **25.82** | **-0.19** | **39.72** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **20.29** | **26.61** | **25.05** | **-5.86** | **23.46** |
| 5 | വെണ്ടക്ക | കിലോഗ്രാം | **32.93** | **39.34** | **41.41** | **5.26** | **25.75** |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | **44.90** | **43.20** | **53.02** | **22.73** | **18.08** |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **42.10** | **53.46** | **54.88** | **2.66** | **30.36** |
| 8 | കാബേജ് | കിലോഗ്രാം | **25.19** | **33.77** | **37.39** | **10.72** | **48.43** |
| 9 | പാവയ്ക്ക | കിലോഗ്രാം | **42.50** | **55.23** | **51.18** | **-7.33** | **20.42** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **21.07** | **29.20** | **27.55** | **-5.65** | **30.75** |
| 11 | പടവലങ്ങ | കിലോഗ്രാം | **29.81** | **39.27** | **36.75** | **-6.42** | **23.28** |
| 12 | തക്കാളി | കിലോഗ്രാം | **25.33** | **31.23** | **29.64** | **-5.09** | **17.02** |
| 13 | പച്ചമുളക് | 100 ഗ്രാം | **4.75** | **5.35** | **5.46** | **2.06** | **14.95** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **43.40** | **41.87** | **39.61** | **-5.40** | **-8.73** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **31.24** | **35.83** | **35.57** | **-0.73** | **13.86** |

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2018 | നവംബർ 2019 | ഡിസംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 58.41 | 65.45 | 67.50 | 3.13 | 15.56 |
| 2 | മുസമ്പി | കിലോഗ്രാം | 62.79 | 90.27 | 81.76 | -9.43 | 30.21 |
| 3 | മാതളം | കിലോഗ്രാം | 90.94 | 120.58 | 102.08 | -15.34 | 12.25 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 110.42 | 106.00 | 117.78 | 11.11 | 6.67 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 51.91 | 50.22 | 47.93 | -4.56 | -7.67 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 30.55 | 31.30 | 30.52 | -2.49 | -0.10 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 47.89 | 47.41 | 45.68 | -3.65 | -4.61 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 47.44 | 52.17 | 49.13 | -5.83 | 3.56 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 27.63 | 30.63 | 30.70 | 0.23 | 11.11 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 107.78 | 103.33 | 113.33 | 9.68 | 5.15 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 20.89 | 25.64 | 29.89 | 16.58 | 43.08 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 79.09 | 85.69 | 78.51 | -8.38 | -0.73 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 67.05 | 78.09 | 65.00 | -16.76 | -3.06 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.00 | 20.06 | 20.00 | -0.30 | 0.00 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 28.76 | 25.24 | 24.61 | -2.50 | -14.43 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 486.67 | 495.00 | 495.00 | 0.00 | 1.71 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 391.19 | 396.29 | 387.88 | -2.12 | -0.85 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 386.19 | 390.57 | 382.57 | -2.05 | -0.94 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 54.95 | 47.74 | 47.22 | -1.09 | -14.07 |